പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4338 — 12.11.2019 -ൽ മറുപടിയ്ക്ക്

## കെ.ടി.ഡി.സി യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | കെ.ടി.ഡി.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) | 1. കെ.ടി.ഡി.സി.യുടെ എല്ലാ പ്രീമിയവും ബഡ്ജറ്റും ആയ ഹോട്ടലുകൾ നവീകരിക്കാൻ തീരുമാനിച്ചു.<br>2. മാസ്കറ്റ് ഹോട്ടലിന്റെ 36 മുറികൾ നവീകരിക്കുകയും പഞ്ചനക്ഷത്ര പദവി ലഭിക്കുകയും ചെയ്തു.<br>3. ചൈത്രം ഹോട്ടലിന്റെ മുറികൾ മൊത്തമായി നവീകരിച്ചു.<br>4. കുമരകത്തെ വാട്ടർസ്കേപ്സ് എന്ന ഹോട്ടലിന്റെ നവീകരണം 12.65 കോടി രൂപയുടെ സർക്കാർ സഹായത്തോടെ നടന്നുവരികയാണ്.<br>5. തേക്കടിയിൽ 120 പേരെ കയറ്റാവുന്ന രണ്ട് ബോട്ടുകൾ സർവ്വീസ് ആരംഭിച്ചു.<br>6. പൊന്മുടിയിൽ സർക്കാരിന്റെ സഹായത്തോടെ 320 ലക്ഷം രൂപയ്ക്ക് 15 കോട്ടേജുകൾ കമ്മീഷൻ ചെയ്തു.<br>7. തമ്പാനൂരിൽ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനിൽ ഒരു സ്ത്രീ സൗഹൃദ ഹോട്ടലിന്റെ തറക്കല്ല് ഇടുകയും അതിന്റെ പണി നടന്നു വരികയും ചെയ്യുന്നു.<br>8. കണ്ണൂരിലെ ടാമറിന്റ് ഈസി ഹോട്ടൽ നവീകരണത്തിന് 292 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. ടെൻഡർ നടപടികൾ പൂർത്തിയായി.<br>9. മാസ്കറ്റ് ഹോട്ടലിന്റെ കൺവെൻഷൻ സെന്ററിന്റെ നവീകരണത്തിന് സർക്കാരിന്റെ 500 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും അതിന്റെ ടെന്റർ നടപടികൾ ആരംഭിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തു.<br>10. ആലപ്പുഴയിൽ 2 കോടി രൂപ മുതൽമുടക്കിൽ ടാമറിന്റ് ഈസി ഹോട്ടൽ നവീകരണത്തിന് സർക്കാരിന്റെ ഭരണാനുമതി ലഭിക്കുകയും അതിന്റെ പണി ആരംഭിക്കുകയും ചെയ്തു.<br>11. വേളിയിൽ പുതിയ ബോട്ടുകൾ വാങ്ങുന്നതിനായി 1.47 കോടിരൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ ഉത്തരവിൽ ഉൾപ്പെട്ട ഒരു സോളാർ ബോട്ടൊഴിച്ച് എല്ലാ ബോട്ടുകളും കമ്മീഷൻ ചെയ്തു കഴിഞ്ഞു.<br>12. വേളിയിൽ ഫ്ലോട്ടിംഗ് റെസ്റ്റോറന്റ് നവീകരിക്കാൻ 25 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പണി നടന്നുവരുന്നു.<br>13. സുപ്രീം കോടതി ഉത്തരവിൻ പ്രകാരം അടച്ചുപൂട്ടിയ ബിയർ പാർലറുകൾക്ക് പകരം പുതിയ ബിയർ പാർലറുകൾ തുറന്നു.<br>14. കണ്ണൂരിലെ മുഴപ്പിലങ്ങാടിലും കോഴിക്കോട് ബീച്ചിലും സ്റ്റാർ ഹോട്ടലുകൾ തുടങ്ങാൻ തടസ്സമായിരുന്ന ലാന്റ് അക്വിസിഷൻ നടപടികൾ തീർന്നു. ഉടനെ തന്നെ സ്റ്റാർ ഹോട്ടലുകളുടെ പണി ആരംഭിക്കുന്നതാണ്. ഇതിന് കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.<br>15. തണ്ണീർമുക്കം റിസോർട്ടിനോടനുബന്ധിച്ച് ഒരു സ്വിമ്മിംഗ് പൂൾ നിർമ്മാണത്തിനുള്ള കരാർ ആയിട്ടുണ്ട്.<br>16. കെ.ടി.ഡി.സിയുടെ ചിരകാല ആവശ്യമായ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന് സർക്കാരിന്റെ ഭരണാനുമതി ലഭിക്കുകയുണ്ടായി. ടെൻഡർ നടപടി പൂർത്തിയാക്കുകയും ചെയ്തു.<br>17. ടൂറിസം ഡെസ്റ്റിനേഷനുകളുടെ മാനേജ്മെന്റിൽ കെ.ടി.ഡി.സിയെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.<br>18. കെ.ടി.ഡി.സിയിലെ ഉദ്യോഗസ്ഥർക്ക് സമ്പൂർണ്ണ ട്രെയിനിങ് കൊടുക്കാനുള്ള നടപടികൾ ആരംഭിച്ചു.<br>19. 792 ലക്ഷം രൂപ മുടക്കി മൂന്നാറിലെ ടീ കൗണ്ടി റിസോർട്ട് നവീകരിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.ടി.ഡി.സി യുടെ പ്രീമിയം ഹോട്ടലുകൾ സംബന്ധിച്ച വിശദാംശങ്ങളും ഇവയുടെ വരുമാനം, ലാഭം എന്നിവ സംബന്ധിച്ചുമുള്ള വിവരങ്ങളും ലഭ്യമാക്കുമോ; | ബി) | പ്രീമിയം ഹോട്ടലുകളുടെ വിശദാംശങ്ങൾ അനുബന്ധം ആയി കൊടുക്കുന്നു. |
| സി) | ഈ സർക്കാർ നിലവിൽ വന്നശേഷം കെ.ടി.ഡി.സി യുടെ ഏതെല്ലാം ഹോട്ടലുകൾക്ക് സ്റ്റാർ പദവി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചുവെന്നും ഏതെല്ലാം ഹോട്ടലുകൾക്ക് സ്റ്റാർ പദവി ലഭ്യമായെന്നും വ്യക്തമാക്കുമോ; | സി) | കെ.ടി.ഡി.സി യിലെ പ്രീമിയവും ബഡ്ജറ്റുമായ ഹോട്ടലുകൾ പു:നരുദ്ധാരണം നടന്നുകൊണ്ടിരിക്കുകയാണ്. ഇത് തീരുന്ന മുറയ്ക്ക് സ്റ്റാർ ക്ലാസ്സിഫിക്കേഷൻ അപേക്ഷ കൊടുക്കുന്നതാണ്. നിലവിൽ മാസ്കറ്റ് ഹോട്ടലിനു മാത്രമാണ് ഫൈവ് സ്റ്റാർ പദവി ലഭ്യമായത്. |
| ഡി) | ഈ സർക്കാർ കെ.ടി.ഡി.സി യുടെ പ്രോപ്പർട്ടികളുടെ പുനർ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി തുക അനുവദിച്ചിട്ടുണ്ടോ;<br>വിശദമാക്കുമോ; | ഡി) | ഈ സർക്കാർ മലമ്പുഴ, ഗാർഡൻ ഹൗസ് നവീകരണത്തിനായി 1.50 കോടി നൽകി. വാട്ടർസ്കേപ്പ്, കുമരകത്തിന് 12.69 കോടി ഭരണാനുമതി നൽകുകയും 10.15 കോടി റിലീസ് ചെയ്യുകയും ചെയ്തു. ഹോട്ടൽ ചൈത്രത്തിന് 7.2 കോടി നൽകി. പൊന്മുടിയിൽ 15 പുതിയ കോട്ടേജുകൾക്കായി 3.2 കോടി വകയിരുത്തുകയും 2.56 കോടി റിലീസ് ചെയ്യുകയും ചെയ്തു. കോവളം ഹോട്ടലിന്റെ നവീകരണത്തിനായി 3.05 കോടി ഭരണാനുമതി നൽകുകയും 1.5 കോടി റിലീസ് ചെയ്യുകയും ചെയ്തു. തേക്കടിയ്ക്ക് 2.6 കോടി ഭരണാനുമതി നൽകുകയും 1.32 കോടി റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| ഇ) | കെ.ടി.ഡി.സി കുമരകം റിസോർട്ട് പുതുക്കിപ്പണിയുന്നതിൽ വന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ? | ഇ) | നവീകരണത്തിലുൾപ്പെട്ട കോട്ടേജുകളുടെ സിവിൽ വർക്കിന്റെ ടെൻഡർ 2017 മാർച്ചിൽ തന്നെ പൂർത്തിയാക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തു. പ്രാദേശിക തൊഴിൽ പ്രശ്നം കാരണം 2017 ജൂലൈയിൽ മാത്രമാണ് തുടങ്ങാൻ സാധിച്ചത്. 2017 ആഗസ്റ്റിൽ ഇലക്ട്രിക്കൽ വർക്കുകളുടെ ടെൻഡർ പൂർത്തിയാകുകയും വർക്ക് ഓർഡർ നൽകുകയും ഉണ്ടായി. 2017 ഒക്ടോബറോടുകൂടി കനാലുകളുടെ പുന:രുജ്ജീവനത്തിന് ടെൻഡർ നടപടി പൂർത്തിയാക്കുകയും ആരംഭിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | തുടർന്നുള്ള ലോബിയുടെ വർക്കിന് ടെൻഡർ വിളിയ്ക്കുകയും നിശ്ചിത സമയത്തിലോ അധികരിച്ച് നൽകിയ സമയത്തിലോ ആരും തന്നെ ടെൻഡർ നടപടികളിൽ പങ്കെടുത്തിരുന്നില്ല. എത്രയും പെട്ടെന്ന് പ്രവൃത്തി പൂർത്തിയാക്കുന്നതിനു വേണ്ടി ബാക്കിയുള്ള മുഴുവൻ വർക്കുകളും ഏതെങ്കിലും ഒരു സർക്കാർ അംഗീകൃത നോൺ പി.എം.സിയെ ഏല്പിക്കാൻ കെ.ടി.ഡി.സിയുടെ ഡയറക്ടർ ബോർഡ് തീരുമാനമെടുത്തു. ഇതിനോടനുബന്ധിച്ച് കെ.ടി.ഡി.സി, M/s. ULCCS & M/s. TDLCCS എന്ന രണ്ട് ഏജൻസികളെ സമീപിക്കുകയും M/s. ULCCS ന് ജോലിഭാരം കൂടുതലായതിനാൽ ഒഴിവാക്കിത്തരാൻ അഭ്യർത്ഥിക്കുകയും ചെയ്തു. ആകയാൽ ടി പണി M/s. TDLCCS നെ ഏല്പിക്കുകയുണ്ടായി<br>എന്നാൽ 2018 ജൂണോടുകൂടി ആരംഭിച്ച പേമാരിയെ തുടർന്ന് ടി പ്രവൃത്തികൾ മന്ദഗതിയിലാകുകയും അതേ തുടർന്നു വന്ന പ്രളയത്തിൽ മുഴുവൻ പണികളും 2018 സെപ്തംബർ വരെ നിർത്തി വയ്ക്കേണ്ട അവസ്ഥ വരികയും ചെയ്തു.<br>M/s. TDLCCS ന് ഉണ്ടായിട്ടുള്ള സാമ്പത്തിക പ്രയാസത്താൽ പ്രവർത്തികൾ പൂർണ്ണമായി നിന്നു പോകുന്ന സാഹചര്യം ഉണ്ടായി. പ്രളയത്തോടനുബന്ധിച്ച് വിറ്റുവരവിലുണ്ടായ ഭീമമായ കുറവ് കെ.ടി.ഡി.സിയ്ക്ക് M/s. TDLCCS ന് അംഗീകരിച്ച അഡ്വാൻസ് നൽകാൻ സാധിക്കാതെയും വന്നു. എന്നാൽ 18.6.19-ൽ സൈറ്റിലെ എല്ലാ പ്രവൃത്തികളും സാമ്പത്തിക പ്രതിസന്ധി കാരണം നിർത്തിവച്ചു. അനന്തരം 29.6.2019-ൽ M/s. TDLCCS മായിട്ടുള്ള കോൺട്രാക്ട് അവസാനിപ്പിക്കുകയും ബാക്കിയുള്ള പ്രവൃത്തികൾക്കായി ടെൻഡർ നടപടികളുമായി മുന്നോട്ടു പോകുകയും ചെയ്തു.<br>ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 22.8.2019-ൽ 120 ദിവസം കൊണ്ട് പ്രവൃത്തി പൂർത്തിയാകുന്ന തരത്തിൽ കാലാവധി നിജപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി |

| | | | |
|---|---|---|---|
| | | | തുടങ്ങിയപ്പോഴും പ്രാദേശിക തൊഴിൽ പ്രശ്നം ഉണ്ടായെങ്കിലും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## പ്രീമിയം ഹോട്ടലുകളുടെ വിശദാംശങ്ങൾ

(രൂപ ലക്ഷത്തിൽ)

| നം | ഹോട്ടൽ | വരുമാനം | ചിലവ് | പ്രവർത്തന ലാഭം | ഓക്കുപ്പെൻസി (%) |
|---|---|---|---|---|---|
| 1 | മാസ്കറ്റ് ഹോട്ടൽ | | | | |
| | 2016-17 | 883 | 1121 | (-)238.00 | 31.29 |
| | 2017-18 | 968.35 | 1062.93 | (-)94.58 | 34.93 |
| | 2018-19 | 1028.72 | 1223.93 | (-)195.21 | 30.56 |
| 2 | ഹോട്ടൽ സമുദ്ര, കോവളം | | | | |
| | 2016-17 | 719.25 | 617.63 | 101.62 | 56.39 |
| | 2017-18 | 810.91 | 645.98 | 164.93 | 60.56 |
| | 2018-19 | 609.12 | 583.98 | 25.15 | 46.08 |
| 3 | ലേക്ക് പാലസ്, തേക്കടി | | | | |
| | 2016-17 | 511 | 193.47 | 317.53 | 43.79 |
| | 2017-18 | 612.35 | 167.24 | 445.11 | 51.55 |
| | 2018-19 | 466.15 | 175.38 | 290.77 | 36.71 |
| 4 | ആരണ്യനിവാസ്, തേക്കടി | | | | |
| | 2016-17 | 295.69 | 308.22 | (-)12.53 | 46.16 |
| | 2017-18 | 321.49 | 306.68 | 14.81 | 49.44 |
| | 2018-19 | 240.87 | 271.88 | (-)31.01 | 36.26 |
| 5 | ടീ കൗണ്ടി, മൂന്നാർ | | | | |
| | 2016-17 | 894.7 | 567.43 | 327.27 | 60.32 |
| | 2017-18 | 877.72 | 545.74 | 331.98 | 56.34 |
| | 2018-19 | 552.12 | 463.55 | 88.57 | 36.77 |
| 6 | ബോൾഗാട്ടി പാലസ്, കൊച്ചി | | | | |
| | 2016-17 | 942.2 | 783.87 | 158.33 | 42.44 |
| | 2017-18 | 1052.15 | 849.89 | 202.26 | 43.94 |
| | 2018-19 | 1105.04 | 853.13 | 251.91 | 41.39 |
| 7 | വാട്ടർസ്കേപ്സ് | | | | |

| | | | | | |
|---|---|---|---|---|---|
| | 2016-17 | 524.22 | 518.6 | 5.62 | 62.12 |
| | 2017-18 | 81.21 | 151.55 | (-)70.34 | നവീകരണത്തിനായി അടച്ചിരിക്കുന്നു |
| | 2018-19 | 92.23 | 136.86 | (-)44.63 | |

സെക്ഷൻ ഓഫീസർ